വിശദാശംങ്ങൾ അനുബന്ധം - ഒന്നിൽ ചേർത്തിരിക്കുന്നു.† അവയിൽ കൂടുതലും സുഗമമായി നടക്കുന്നുണ്ട്.

(ബി) കഴിഞ്ഞ രണ്ടുവർഷങ്ങളിൽ കെ.എസ്.ഐ.ഡി.സിയുടെ സഹായത്തോടെ പൂർത്തിയാക്കിയ വ്യവസായങ്ങളുടെ മേഖല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം രണ്ടിൽ+ ചേർത്തിരിക്കുന്നു. ഇവയിൽ ഒന്നുമാത്രമാണ് സംയുക്ത സംരംഭം (കെ.എസ്.ഐ.ഡി സിക്ക് 26%) ഓഹരി പങ്കാളിത്തമുള്ളത് വായ്പ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധം മൂന്നിൽ ചേർത്തിരിക്കുന്നു. വായ്പ നൽകുന്നതിൽ കാലതാമസം ഉണ്ടാകാറില്ല. എല്ലാ രേഖകളും തയാറായാൽ അതിനടുത്ത ബോർഡ് എക്സിക്യൂട്ടീവ് കമ്മിറ്റിയോഗത്തിൽ വച്ച് നിക്ഷേപാനുമതി നൽകുന്നതാണ്.

(സി) 2000 ജനുവരിക്കുശേഷം ലഭിച്ച കൊച്ചിൻ സ്റ്റോക്ക് ബ്രോക്കേഴ്സ് ലി., ഗാലി ഫുഡ്സ് ലി., ജി.എം. സ്വാമി, കോയമ്പത്തൂർ, വികാസവാണി ടെലിവിഷൻസ് ലി., എന്നീ അപേക്ഷകളിൽ തീരുമാനമെടുക്കാനുണ്ട്.

## 52 (628) ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ സൂപ്പർവൈസർമാരുടെ ഒഴിവുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ സൂപ്പർവൈസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ തസ്തികയിൽ പി.എസ്.എസി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിൽനിന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിലവിലുള്ള മുഴുവൻ ഒഴിവുകളിലും അടിയന്തിരമായി നിയമനം നടത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികയിൽ ആകെ 315 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെയും നിയമനം ആരംഭിച്ചിട്ടില്ല.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly